നിവൃത്തിയുമില്ലാതെ കർഷകർ ഇന്നു വളരെയധികം വിഷമിച്ചു നട്ടം തിരിയുകയാണ്. അവർക്കു ആശ്വാസം നൽകുവാനുള്ള ധാർമ്മികമായ കടമ കർഷകനേതാവ് എന്നു പറയുന്ന ഈ ഗവൺമെൻറിനുണ്ടെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. നാണ്യവിള ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ മണ്ണാലപ്പ് പദ്ധതിക്ക് 30 ശതമാനംവരെ സബ്സിഡി നൽകുമ്പോഴും നെല്ലുൽപ്പാദിപ്പിക്കുന്ന കർഷകർക്ക് യാതൊരുവിധ സഹായവും കെ. എൽ. ഡി. സി. നൽകുന്നില്ല. പത്തരശതമാനം പലിശയ്ക്കു സംഖ്യ ഈ അന്തരാളഘട്ടത്തിൽ വായ്പ തിരിച്ചടയ്ക്കണമെന്നു പറഞ്ഞാൽ വളരെയേറെ ഭാരമുള്ള ജോലിയാണ്. അതുകൊണ്ട് ഇവരുടെ കാര്യത്തിൽ ഗവൺമെൻറ് വളരെയേറെ സഹാനുഭൂതി കാണിക്കണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അവിടെയുള്ള കൃഷിക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ഒരുന്നതാധികാര കമ്മീഷനെ ഗവൺമെൻറ് നിശ്ചയിച്ചിട്ടുണ്ട്. ആ ഉന്നതാധികാരകമ്മീഷൻ തെളിവെടുത്തതിനു ശേഷം സമർപ്പിക്കുന്ന റിപ്പോർട്ട് ലഭിക്കുന്നതുവരെ ഇന്നു ജപ്തി നടപടികളും ഡിമാൻറ് നോട്ടീസും നിറുത്തൽ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അവർക്കു വേണ്ട ആശ്വാസം നൽകണം. ഈ കാര്യത്തെക്കുറിച്ച് ഗവൺമെൻറ് ദയാപൂർവ്വം ചിന്തിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഗവൺമെൻറ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. കുട്ടനാട് പ്രദേശത്തെ സ്ഥിതിയെപ്പറ്റി പഠിക്കാനായിട്ട് ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിച്ചിട്ടുണ്ട്. അതിനു ഉടൻതന്നെ പരിഹാരം കിട്ടും. ഈ വർഷത്തെ ബഡ്ജറിൽത്തന്നെ കർഷകർ വിചാരിക്കുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ ഗവൺമെൻറ് ചെയ്യാനുദ്ദേശിക്കുന്നതായി പറഞ്ഞിട്ടുണ്ട്. ആ കാര്യത്തിൽ ഫാക്കോ വിഷമിക്കേണ്ടതായി ഒരു കാര്യവുമില്ല. റിപ്പോർട്ട് കിട്ടുന്നതുവരെ സാവകാശംകൊടുക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുന്നതാണ്. ഇതിൽ കൂടുതലായി ഒന്നും പറയാനില്ല. ഈ കാര്യത്തിൽ ഗവൺമെൻറ് വേണ്ടതു ചെയ്യുമെന്നു ഞാൻ ഉറപ്പു നൽകുന്നു.

IV. റിപ്പോർട്ട് സമർപ്പണം

1. പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ 15-ാമതു റിപ്പോർട്ട്

Shri O. Lukose: Sir, I present the Fifteenth Report of the Committee on Public Undertakings.

2. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 17-ാമതു റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് ഞാൻ സഭയിൽ വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly